IV റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ.ഇ.കെ.നായനാർ) : കാര്യോപദേശക സമിതിയുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

V റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : കാര്യോപകദേശക സമിതിയുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ): പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

VI ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

മി. സ്പീക്കർ : ഇന്നലത്തെപ്പോലെ ഇന്ന് ചർച്ച നീണ്ടു പോകാൻ പാടില്ല. ഇന്ന് വളരെ താമസിച്ചിട്ടില്ല. ഇന്നലെ 12.00 മണി കഴിഞ്ഞാണ് ബിസ്സിനസ് ആരംഭിച്ചത്. അതുകൊണ്ട് അതു നീണ്ടുപോയി. ഇന്ന് 10.30 നാണ് ബിസ്സിനസ് ആരംഭിക്കേണ്ടത്. ഇപ്പോൾ 10.50 ആകുന്നേയുള്ളു. 1.30 എന്നുള്ളത് 2.30 വരെയാകാം. അല്ലാതെ നീണ്ടുപോകാൻ പാടില്ല.

ശ്രീ. എ. കണാരൻ : സർ, ഈ നയപ്രഖ്യാപന പ്രസംഗത്തേയും നന്ദിപ്രമേയത്തേയും അനുകൂലിക്കുകയാണ്. ഈ നാടിന്റെ നന്മയ്ക്കും നാട്ടുകാരുടെ ക്ഷേമത്തിനും വേണ്ടി പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റിന്റെ നയ പ്രഖ്യാപനമാണിത്. ആ നയപ്രഖ്യാപനമാണ് ബഹുമാനപ്പെട്ട ഗവർണ്ണർ നിയമസഭയിൽ അവതരിപ്പിച്ചത്. ഇത്രയും മഹത്തരവും ദീർഘദൃഷ്ടിയുള്ളതുമായ ഒരു നയപ്രഖ്യാപനവും ഈ സഭയിൽ ഇതുവരെയുണ്ടായിട്ടില്ല. പ്രസിദ്ധമായ ഒരു നയപ്രഖ്യാപനമാണിത്. നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞതുപോലെ കഴിഞ്ഞുപോയ നൂറ്റാണ്ടിൽ ഓരോ ഇൻഡ്യാക്കാരനെ സംബന്ധിച്ചും ആവേശപരവും പ്രതീക്ഷപരവുമായ പോരാട്ടത്തിന്റെ നൂറ്റാണ്ടായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിൽ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെ മുന്നേറ്റം കണ്ട നൂറ്റാണ്ടായിരുന്നുവെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചു. സോവിയറ്റ് യൂണിയൻ ചൈന, വിയറ്റ്നാം, കൊറിയ, ക്യൂബ, കിഴക്കൻ യൂറോപ്യൻ

LIBRARY ARCHIVES Kerala Legislative Assembly